## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11(6), 3.12, 3.18-1, 3.18-2, 3.19 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.2325/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,28.07.2015

പരാമർശം : 1. മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28.09.2013 – തിയതിയിലെ എ 1/5509/13 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 03.12.2014 – തിയതിയിലെ എം3/45756/14 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17.06.2015 – തിയതിയിലെ എൽ.എഫ്.1076/പി.റ്റി3 /15 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11(6) പ്രകാരം ഹയർസെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടില്ലാത്തതിനാൽ മെയിന്റനസ് ഗ്രാന്റ് ഉപയോഗിച്ച് ഹയർസെക്കണ്ടറി സ്കൂൾ കിണർ റിപ്പയർ നടത്തിയ ഇനത്തിലുള്ള 24825 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. സ്കൂൾ കുട്ടികൾ നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി 16.04.2010 തിയതിയിലെ 110/2010 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം ഹയർസെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടില്ലാത്തതിനാൽ ഹയർസെക്കണ്ടറി സ്കൂളിന്റെ ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ വകയിൽ പദ്ധതി വിഹിതത്തിൽ നിന്നും ചെലവായ 69964 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 16.04.2010 തിയതിയിലെ 110/2010 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.18-1 പ്രകാരം പ്രൊജക്റ്റ് നമ്പർ 34/2005 പ്രകാരം വൃദ്ധമന്ദിരത്തിനു വേണ്ടി ഭൂമി വാങ്ങിയ

വിഷയത്തിൽ സ്ഥലമുടമ സർക്കാർ നിരക്കിൽ ഭൂമി വിട്ടുനൽകുന്നതിന് സമ്മതമാണെന്ന. അറിയിച്ചിട്ടും കൂടിയ നിരക്കിൽ തുക നൽകിയതു വഴി പഞ്ചായത്തിനു സംഭവിച്ച നഷ്ടമായ 1875 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ ജില്ലാ കളക്ടർ നിശ്ചയിച്ചിരിക്കുന്ന വില പ്രാദേശികമായി നിലനിൽക്കുന്ന വിലയേക്കാൾ വളരെയേറെ കുറവായിരുന്നതിനാലും തികച്ചും ന്യായമായ നിരക്കിലാണ് ഭൂമി കൈമാറ്റം നടത്തിയെന്നതിനാലും ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 12.09.2013 തിയതിയിലെ 159/2013 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.18-2 പ്രകാരം ഹോമിയോ ആശുപത്രിക്ക വേണ്ടി ഭൂമി വാങ്ങിയ വിഷയത്തിൽ സ്ഥലമുടമ സർക്കാർ നിരക്കിൽ ഭൂമി വിട്ടുനൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചിട്ടും കൂടിയ നിരക്കിൽ തുക നൽകിയതു വഴി പഞ്ചായത്തിനു സംഭവിച്ച നഷ്ടമായ 2500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ ജില്ലാ കളക്ടർ നിശ്ചയിച്ചിരിക്കുന്ന വില പ്രാദേശികമായി നിലനിൽക്കുന്ന വിലയേക്കാൾ വളരെയേറെ കുറവായിരുന്നതിനാലും തികച്ചും ന്യായമായ നിരക്കിലാണ് ഭൂമി കൈമാറ്റം നടത്തിയെന്നതിനാലും ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 12.09.2013 തിയതിയിലെ 159/2013 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.19 പ്രകാരം വിദൂരമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലൊഴികെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ വിലക്കേർപ്പെടുത്തിയിരുന്ന സാഹചര്യത്തിലും വയോജനങ്ങൾക്കുള്ള ആരോഗ്യപരിരക്ഷ എന്ന പേരിൽ പ്രോജക്റ്റ് സംഘടിപ്പിച്ച വകയിൽ നഷ്ടമായ 11950 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 16.04.2010 തിയതിയിലെ 110/2010 നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

27.09.2014 – ൽ കൂടിയ ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും മേൽ ഖണ്ഡികകളിന്മേൽ സർക്കാർ സാധൂകരണം തേടുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11(6) – ന് പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ സാധൂകരണം നല്കാവുന്നതാണ് എന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ഖണ്ഡികകളിലെ ഓഡിറ്റ് തടസ്സങ്ങളിന്മേൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായം, പഞ്ചായത്ത് ഡയറക്ടറുടെ കത്ത്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ണൂർ

ജില്ലയിലെ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11(6) പ്രകാരം തടസ്സപ്പെടുത്തിയ 24825 രൂപയുടെ ചെലവ്, 3.12 പ്രകാരം തടസ്സപ്പെടുത്തിയ 69964 രൂപയുടെ ചെലവ്, 3.18-1 പ്രകാരം തടസ്സപ്പെടുത്തിയ 1875 രൂപയുടെ ചെലവ്, 3.18-2 പ്രകാരം തടസ്സപ്പെടുത്തിയ 2500 രൂപയുടെ ചെലവ്, 3.19 പ്രകാരം തടസ്സപ്പെടുത്തിയ 11950 രൂപയുടെ ചെലവ് എന്നിവക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ